LIBRARY ARCHIVES Kerala Legislative Assembly

വെന്റിലേറ്റർ സൗകര്യം ലഭിക്കാതെ മരണമടഞ്ഞവർ

110 [831] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2003-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെന്റിലേറ്റർ സൗകര്യം ലഭിക്കാതെ എത്ര രോഗികൾ മരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

2003-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ വെന്റിലേറ്റർ സൗകര്യം ലഭിക്കാതെ രോഗികൾ ആരും തന്നെ മരണമടഞ്ഞിട്ടില്ല.

ചൊവ്വര സ്വദേശി റസ്സ്വാലത്തിന് ചികിത്സ ലഭിച്ചില്ലെന്ന പരാതി

111 [832] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരത്തിൽനിന്നും വീണ് അപകടം സംഭവിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട തിരുവനന്തപുരം ജില്ലയിലെ ചൊവ്വര സ്വദേശി റസ്സ്വാലത്തിന് തക്ക സമയത്ത് ചികിത്സ നൽകിയില്ലെന്ന ആരോപണത്തിൻമേൽ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

എടച്ചേരി പ്രൈമറി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ

112 [833] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലുള്ള എടച്ചേരി പ്രൈമറി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) 2212/വി.ഐ.പി./എം.(എച്ച്. ആന്റ് എഫ്. ഡബ്ല്യു.)/02 ആയി സ്വീകരിച്ചിട്ടുള്ള അപേക്ഷ എന്നാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആവശ്യമായ നടപടികൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

(ബി) 4-9-2002-ൽ ലഭിച്ചിട്ടുണ്ട്.

(സി) 2212/വി.ഐ.പി./എം.(എച്ച്. ആന്റ് എഫ്. ഡബ്ല്യു.)/02 ആയി ലഭിച്ച അപേക്ഷ കോഴിക്കോട് ജില്ലയിൽ ഇരിങ്ങണ്ണൂർ കായ്പനയിൽ ഹെൽത്ത് സെന്ററിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ നിയമിക്കുന്നത് സംബന്ധിച്ചുള്ളതായിരുന്നു. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ എഫ്. ഡബ്ല്യു. എ4-68887/02 നമ്പർ പ്രകാരം 27-9-2002-ൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സെന്ററിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിനെ നിയമിച്ചിട്ടുമുണ്ട്.

ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള വാഹനങ്ങൾ

113 [835] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ എത്ര വാഹനങ്ങളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ വകുപ്പിൽ ഉന്നത ഉദ്യോഗസ്ഥർക്കുവേണ്ടി ഓടുന്ന വാഹനങ്ങളുടെ എണ്ണം തരംതിരിച്ച് വിശദീകരിക്കുമോ;

(സി) പ്രസ്തുത വാഹനങ്ങൾക്കെല്ലാം കൂടി എത്ര ഡ്രൈവർമാരുണ്ട്; വാഹന മില്ലാതെ എത്ര ഡ്രൈവർമാർ നിലവിലുണ്ട്;

(ഡി) തിരുവനന്തപുരം നഴ്സിംഗ് കോളേജിന് അനുവദിച്ചിട്ടുള്ള വാഹനത്തിൽ എത്ര ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്;

(ഇ) ഈ വകുപ്പിൽ വാഹനങ്ങൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് പാലിക്കപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1380 വാഹനങ്ങൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

(1)	തിരുവനന്തപുരം	303
(2)	കൊല്ലം	75
(3)	പത്തനംതിട്ട	61
(4)	ആലപ്പുഴ	83

LIBRARY ARCHIVES Kerala Legislative Assembly